## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.329 — 07.08.2017 ൽ മറുപടിക്ക്

### വിപണി ഇടപെടൽ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ.വി. അബ്ദുറഹിമാൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; | (എ) പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനായി സപ്ലൈകോ മുഖേന സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾക്കുപുറമേ ഒ.എം.എസ്.എസ്. പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര അരി എന്നിവയും വിൽപ്പനശാലകൾ വഴി വിതരണം ചെയ്ത് വരുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. മറ്റ് അവശ്യ സാധനങ്ങളും, FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങൾ MRP യേക്കാൾ / മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ ലഭ്യമാക്കുന്നതിനും അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും, സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരി ഇനങ്ങളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | വരുന്ന ഓണക്കാലത്ത് അവശ്യ സാധനങ്ങളുടെ വില വർദ്ധന തടയുന്നതിനായി എന്തെല്ലാം മുൻകൂർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്: | (ബി) സപ്ലൈകോ വഴി നിലവിൽ സബ്സിഡി നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനു പുറമേ ഓണക്കാലത്ത് ജില്ലാ- താലൂക്ക് ആസ്ഥാനങ്ങളിൽ ഓണം ഫെയറുകളും. മിനി ഫെയറുകളും. വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകളും നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഓണക്കാലത്ത് അവശ്യസാധനങ്ങൾ വിപണിയിൽ ലഭ്യമാക്കി വിലവർദ്ധനവ് തടയുന്നതിനായി സാധനങ്ങളുടെ വാങ്ങലുമായി ബന്ധപ്പെട്ട് ഒരു ഇ-ടെണ്ടർ നടത്തുകയും മറ്റൊരു ഇ-ടെണ്ടർ കൂടി നടത്താൻ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള വിൽപ്പന ശാലകൾക്കുപുറമെ പ്രത്യേക ഓണച്ചന്തകൾ വഴിയും സാധനങ്ങൾ വിതരണം ചെയ്യുന്നതാണ്. |
| (സി) | ഉത്സവ സീസണുകളിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി സംസ്ഥാനത്തുടനീളം സപ്ലൈകോയുടെ പ്രത്യേക ന്യായവില സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ: | (സി) ഉത്സവ സീസണുകളിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി ജില്ലാ- താലൂക്ക് ആസ്ഥാനങ്ങളിൽ പ്രത്യേക ഫെയറുകളും, സപ്ലൈകോ വിൽപ്പനശാലകളോടനുബന്ധിച്ച് ഓണം മിനി ഫെയറുകളും. വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകളും നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | വിലക്കയറ്റം തടയുന്നതിനായി ശാസ്ത്രീയമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായി വില നിയന്ത്രണ സെൽ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) 15.05.2017 ലെ സ.ഉ (കൈ) നം.10/2017/ഭ.സി.സ.വ പ്രകാരം വില നിയന്ത്രണ സെൽ പുനഃസംഘടിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

**Abstract**

F&CSD – Monitoring of variations in price - Constitution of Price Monitoring Cell - orders issued -

================================================================

**Food & Civil Supplies (C) Department**

G.O(MS)No..10/2017/F&CSD. Thiruvananthapuram, Dated.15.05.2017

================================================================

Read :- 1) Minutes of the meeting on Market Intervention Operations held on 21.02.17

2) Letter No.CS-A5-12634/15 dated 16.03.17 from the Director of Civil Supplies

## ORDER

The meeting held on 21.02.17 to review the market intervention operations has decided to constitute a Price Monitoring Cell in the state to oversee and monitor the prices of different commodities in the market and entrusted the Director of Civil Supplies to submit proposal in this regard. The Director of Civil Supplies, as per letter read as 2$^{nd}$ paper above, has submitted the proposal for the constitution of Price Monitoring Cell as decided in the meeting.

Government have examined the matter in detail and are pleased constitute a Price Monitoring Cell comprising the following officials as convener and members. inorder to monitor the fluctuation in the price of essential commodities and to come up with a strategy to control the hike in price of the essential items.

| | | |
|---|---|---|
| Civil Supplies Director, Thiruvananthapuram | - | Convener |
| Joint Director, Economics & Statistics Dept. | - | Member |
| Two resource fellows from Economics & Statistics Dept. | - | Member |
| Administrative Officer, Agriculture Dept. | - | Member |
| Senior Officer, (Marketing & Purchasing), Horticorp | - | Member |
| Manager, (Marketing & Commerce) Supplyco | - | Member |
| Administrative Officer, IT. Mission | - | Member |
| Administrative Officer, WTO Cell | - | Member |

The Director of Civil Supplies will convene the committee. He will take necessary action to submit a proposal to Government to incorporate additional members who have technical expertise in the field from research organizations and to appoint full time persons with research experience to help and assist the cell in its efforts. The Cell has to form a mechanism to prepare reports after analysis of the field and formulate a strategy to control the hike in price and submit recommendations to Government to overcome the crisis of price hike.

By Order of the Governor,
**MINI ANTONY**
**Special Secretary**

To

1) The Director of Civil Supplies, Thiruvananthapuram
2) The Chairman & Managing Director, Supplyco
3) Principal Accountant General (Audit) Kerala, Thiruvananthapuram
4) Principal Accountant General (A&E) Kerala, Thiruvananthapuram
5) The information & Public Relations (Web & New Media) Department
6) Stock File/Office copy

Forwarded/By order

Section Officer

Section Officer